കലാകാരന്മാരുടെ ക്ഷേമത്തിന് കർമ്മപദ്ധതി

56 (3258) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാരുടെ ക്ഷേമത്തിന് കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പ്/ അക്കാദമി/ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം കലാകാരന്മാർക്കായി താഴെപ്പറാമർശിക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 50 വയസ്സിനുമേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750 രൂപ നിരക്കിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം പെൻഷൻ നൽകി വരുന്നു. കൂടാതെ വിവിധ അസുഖങ്ങൾമൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സാ ധനസഹായം നൽകിവരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം.

കേരള ലളിതകലാ അക്കാദമി മുഖാന്തരം കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, ഏകാംഗ പ്രദർശന ധനസഹായം, കലാ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

കേരള ഫോക് ലോർ അക്കാദമി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും നാടൻ കലയിൽ ഏറ്റവും പ്രാവീണ്യം നേടിയ കലാകാരന്മാരെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവനാടൻകലാ പുരസ്കാരം, ഫോക് ലോർ എം.എ. ഒന്നാം റാങ്ക് ലഭിച്ചവർക്ക് അവാർഡ് എന്നിവ നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള സംഗീത നാടക അക്കാദമി 2011 മുതൽ 3 വർഷത്തേക്ക് പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും മെഡിക്ലെയിമും ഏർപ്പെടുത്തിയിരുന്നു. ഈ പദ്ധതി മുഖേന കലാകാരന്മാർക്ക് മെഡിക്ലെയിം ഇൻഷ്വറൻസ് 50,000 രൂപവരെയും അപകടം മൂലം മരണം, പൂർണ്ണമായ അംഗവൈകല്യം എന്നീ സാഹചര്യങ്ങളിൽ 1 ലക്ഷം രൂപ വരെയും അപകടം മൂലമുള്ള താൽക്കാലിക അംഗ വൈകല്യമോ, പൂർണ്ണമായ ബെഡ്റെസ്റ്റോ ആവശ്യമുള്ള അവസരങ്ങളിൽ ആഴ്ചയിൽ 1000 രൂപ വീതം പരമാവധി 100 ആഴ്ചവരെ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയിരുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടുപോകുന്നതിന് 2015-16 ബഡ്ജറ്റിൽ "കലാകാരന്മാർക്കുള്ള ഇൻഷ്വറൻസ് വൈദ്യപദ്ധതി" എന്ന സ്കീമിൽ 40 ലക്ഷം രൂപ കേരള സംഗീത നാടക അക്കാദമിക് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സിനിമാ കലാകാരന്മാർക്ക് ചലച്ചിത്ര അക്കാദമി മുഖാന്തരം പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രതിമാസം 1000 രൂപയാണ് പെൻഷൻ. 300-ഓളം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ അടിയന്തര ചികിത്സാ സഹായമായി പരമാവധി 25,000 രൂപ വരെ അനുവദിച്ചുവരുന്നു. ഇതിനുപുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം വ്യവസ്ഥകൾക്കനുസൃതമായി അംശദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കുപുറമെ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാസഹായം, അംഗത്തിന്റെ/ അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly